മഞ്ചേരി ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ

153 (3082)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല കെട്ടിടങ്ങളും പഴകിയതും ചോർന്നൊലിക്കുന്നതുമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആശുപത്രിയുടെ പരിമിതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ ആശുപത്രി വികസന സമിതിയെ ഏൽപ്പിക്കുമോ?

ഉത്തരം

(എ.-സി) കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സാമ്പത്തിക ലഭ്യതയനുസരിച്ച് എച്ച്.ഡി.സി.ക്കും അനുവാദത്തിന് വിധേയമായി ചെയ്യാവുന്നതാണ്.

എറിയാട് പഞ്ചായത്തിലെ ആയുർവേദ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി

154 (3083)പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറിയാട് പഞ്ചായത്തിലെ ആയുർവേദ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നടപ്പു സാമ്പത്തികവർഷം മൂന്ന് ആയുർവേദ ആശുപത്രികളെ താലൂക്കാശുപത്രിയാക്കി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. ഏതൊക്കെ സ്ഥലത്തെ ആയുർവേദ ആശുപത്രികളെ താലൂക്കാശുപത്രിയാക്കണമെന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly